No.CEE/4848/2013/KEAM-2014/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## 2014 ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന

2014 ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്നവരിൽ നിശ്ചിത യോഗ്യത നേടിയ Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ **ജൂൺ 3, 4, 5** തീയതികളിൽ സംസ്ഥാന മെഡിക്കൽ ബോർഡിന്റെയും, മറ്റു വകുപ്പദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് വിധേയരാക്കുന്നതും, വിദ്യാർത്ഥികളുടെ ശാരീരികക്ഷമത സംബന്ധിച്ചും, പഠിക്കാൻ യോഗ്യമായ കോഴ്സിനെ സംബന്ധിച്ചും, വിദഗ്ദ്ധ സമിതി നൽകുന്ന റിപ്പോർട്ടനുസരിച്ച് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതുമാണ്.

മെഡിക്കൽ പരിശോധന **തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ചായിരിക്കും നടത്തുന്നത്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകമായി മെമ്മോ തപാലിൽ അയച്ചിട്ടുണ്ട്. കൂടാതെ അപേക്ഷയിൽ നൽകിയിട്ടുള്ള മൊബൈൽ നമ്പരിൽ എസ്.എം.എസ് ആയും വിദ്യാർത്ഥികൾക്ക് വിവരങ്ങൾ നൽകിയിട്ടുണ്ട്.

വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, തപാലിൽ ലഭിച്ച മെമ്മോ എന്നിവ കൂടി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ പരിശോധനാ ദിവസങ്ങളിൽ നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ PD വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.05.2014